പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1224** — 15.06.2012 ൽ **മറുപടിയ്ക്ക്**

## തൊഴിലുറപ്പുപദ്ധതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. **കെ.സി. ജോസഫ്** (**ഗ്രാമവികസനവും ആസൂത്രണവും** സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |

**എ.** തൊഴിലുറപ്പു പദ്ധതിക്കുള്ള കേന്ദ്ര വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; പ്രതി വർഷം നൂറ് തൊഴിൽ ദിനങ്ങൾ നൽകുമെന്ന വാഗ്ദാനം കേരളത്തിൽ പാലിക്കപ്പെടുന്നുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം തൊഴിലാളികൾക്ക് മുൻ വർഷം എത്ര ദിവസം ജോലി നൽകിയെന്ന് പറയുമോ ;

**എ.** ഇല്ല. വർഷം തോറും നൂറു ദിവസം തൊഴിൽ ലഭിക്കുന്നതിനുള്ള അവകാശം തൊഴിലാളികൾക്കുണ്ട്. തൊഴിൽ ആവശ്യപ്പെടുന്നതനുസരിച്ചാണ് തൊഴിൽ നൽകുന്നത്. 2011-12 ൽ ആകെ 6,31,93,914 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. മുൻ വർഷത്തെക്കാൾ 364 കോടി രൂപ 2011-12 ൽ അധികമായി ചെലവഴിച്ചിട്ടുണ്ട്.

**ബി.** തൊഴിലുറപ്പ് പദ്ധതിയിലൂടെ ആലപ്പുഴ ജില്ലയിൽ ഏറ്റവും കൂടുതൽ ദിനങ്ങൾ ജോലി നൽകിയ ബ്ലോക്കുകൾ ഏതെല്ലാമാണെന്നും ദിനങ്ങൾ എത്ര വീതം നൽകിയെന്നും വ്യക്തമാക്കുമോ ;

**ബി.** ആലപ്പുഴ ജില്ലയിൽ ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ ബ്ലോക്ക് അടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബ്ലോക്ക് | 08.06.2012 വരെ ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണം |
|---|---|---|
| 1 | കഞ്ഞിക്കുഴി | 1021223 |
| 2 | ഹരിപ്പാട് | 910072 |
| 3 | പട്ടണക്കാട് | 810318 |
| 4 | മുതുകുളം | 788706 |
| 5 | ആര്യാട് | 626657 |
| 6 | തൈക്കാട്ടുശേരി | 582631 |
| 7 | ഭരണിക്കാവ് | 541259 |
| 8 | അമ്പലപ്പുഴ | 504462 |
| 9 | ചമ്പക്കുളം | 431095 |
| 10 | വെളിയനാട് | 423972 |
| 11 | ചെങ്ങന്നൂർ | 392707 |
| 12 | മാവേലിക്കര | 322868 |
| | ആകെ | 7355970 |

| | |
|---|---|
| (ഡി) തൊഴിലുറപ്പ് നിയമപ്രകാരം ഓരോ തൊഴിലാളിക്കും ലഭിക്കേണ്ട 100 ദിവസത്തെ തൊഴിൽ കുറയാനുള്ള സാഹചര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ; | (ഡി) ഓരോ കുടുംബത്തിനും അർഹതപ്പെട്ട 100 ദിവസത്തെ തൊഴിൽ ആവശ്യപ്പെടുന്നവർക്കെല്ലാം നൽകുന്നത്. ആവശ്യാധിഷ്ഠിത പദ്ധതിയാകയാൽ തൊഴിൽ കുറയുന്നത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതില്ല. [illegible] പ്രകാരം ഇക്കാര്യങ്ങൾ കേന്ദ്രസർക്കാർ നിരീക്ഷിക്കുന്നുണ്ട്. |
| (ഇ) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുന്ന തൊഴിലാളികളുടെ വേതനം 300 രൂപയാക്കുക, തൊഴിൽ ദിനങ്ങൾ 200 ആക്കുക, പെൻഷൻ അലവൻസ് അനുവദിക്കുക, ദേശീയ ക്ഷേമനിധി രൂപീകരിക്കുക, ഇൻഷുറൻസ് നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ഏതെങ്കിലും സംഘടനകൾ പ്രക്ഷോഭം സംഘടിപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് വിവിധ തൊഴിലാളി സംഘടനകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ